(ബി) രാജകുമാരി സെക്ഷന്റെ കീഴിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിന് അനുവാദം നൽകിയ വർക്കുകൾ എത്രയാണ്; ഇവയ്ക്ക് അനുമതി നൽകിയത് ഏത് രീതിയിലാണ്;

(സി) പ്രസ്തുത വർക്കുകൾ എന്ന് ആരംഭിച്ചിട്ട് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പൊൻമുടി ഫീഡറിൽനിന്ന് രാജകുമാരി, ശാന്തൻപാറ, സേനാപതി എന്നീ മേഖലകളിലേക്ക് ലൈൻ വലിക്കുന്നതിന് നിലവിൽ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ; എങ്കിൽ എവിടെ നിന്ന് എവിടെവരെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ ഇത് പരിഹരിക്കുന്നതിന് കെ. എസ്. ഇ. ബി. ഏറ്റെടുത്തിട്ടുള്ള വർക്കുകൾ മേഖല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നാലെണ്ണം.

മുരിക്കും തൊട്ടി-മുളംതണ്ട്—10/2001

കൊച്ച് മുല്ലക്കാനം—10/2001

വലിയകണ്ടം-രാജക്കണ്ടം ഈസ്റ്റ്—10/2001

പന്നിയാർ എസ്റ്റേറ്റ്—4/2002

(സി) സാധന സാമഗ്രികളുടെ ലഭ്യത അനുസരിച്ച് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ്.

(ഡി) NR സിറ്റി മുതൽ രാജകുമാരി വരെ 6 കി. മി. 11 കെ. വി. ലൈൻ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി. നിയമനം

20 [2637] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി.-യുടെ കീഴിൽ വരുന്ന വിവിധ ഓഫീസുകളിൽ ഏതെല്ലാം കാറ്റഗറിയിലുള്ള ജീവനക്കാരുടെ തസ്തികകൾ ഉണ്ടെന്നും അതിൽ ഏതെല്ലാം തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നുവെന്നും തരംതിരിച്ച് വ്യക്തമാക്കാമോ;

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി.-യുടെ കീഴിൽ വരുന്ന വിവിധ ഓഫീസുകളിലുള്ള വിവിധ കാറ്റഗറികളും, അവിടെയുള്ള ഒഴിവുകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.† പ്രസ്തുത തസ്തികകളിൽ പലകാല ത്തായി ഒഴിവുകൾ വരുന്നതിനാൽ എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു എന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ബി & സി) ഒഴിവുള്ള തസ്തികകൾ പി. എസ്. സി. മുഖേനയും, പ്രമോഷനുകൾ പൊതു സ്ഥലംമാറ്റം എന്നിവ നടത്തിയും നികത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

പുനലൂർ നിയോജകമണ്ഡലത്തിൽ എം. എൽ. എ.-എസ്. ഡി. എഫ്. ഉപയോഗിച്ച് വൈദ്യുതീകരണം

21 [2638] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ എം. എൽ. എ.-എസ്.ഡി.എഫ്., ഉപയോഗിച്ച് വൈദ്യുതീകരണം നടത്തുന്നതിന് എത്ര തുക ഇതുവരെ വൈദ്യുതി വകുപ്പിന് ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പണികൾക്ക് എത്ര തുക വീതം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) 2001 മുതൽ 2005 ഫെബ്രുവരി 28 വരെ ഇതിൽ എത്ര വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ഡി) എം. എൽ. എ. ഫണ്ടിൽ നിന്നും പണം ലഭിച്ചിട്ടും പണികൾ ആരംഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; ഇതു പരിഹരി ക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പണികൾ അടിയന്തി രമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly